# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ. 215/2025** **തിരുവനന്തപുരം, തീയതി: 03.10.2025**

# പത്രക്കുറിപ്പ്

## പരീക്ഷാഫലം

കേരളസർവകലാശാല 2025 ജൂണിൽ നടത്തിയ എംഎസ്‌സി ഫിസിക്സ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ അപ്ലൈഡ് ഇലക്ട്രോണിക്സ്, എംഎസ്‌സി ഫിസിക്സ് (സ്പെഷ്യലൈസേഷൻ ഇൻ റിന്യൂവബിൾ എനർജി) (2023-2025) സി.എസ്.എസ്. പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ SLCM പ്രൊഫൈൽ മുഖേന വ്യക്തിഗത ഫലം പരിശോധിക്കാവുന്നതാണ്.

കേരളസർവകലാശാല 2025 മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എംഎ സംസ്കൃതം ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, എംഎസ്‌സി ഹോം സയൻസ് (ഫാമിലി റിസോഴ്സ് മാനേജ്മെന്റ്), എംഎസ്‌സി ഹോം സയൻസ് (എക്സ്റ്റൻഷൻ എജ്യൂക്കേഷൻ), എംഎസ്‌സി ഹോം സയൻസ് (ഫുഡ് ആന്റ് ന്യൂട്രീഷൻ), എംഎസ്‌സി ഹോം സയൻസ് (ന്യൂട്രീഷ്യൻ ആന്റ് ഡയറ്ററ്റിക്സ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2025 ഒക്ടോബർ 09 വരെ **www.slcm.keralauniversity.ac.in** മുഖേന ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

## പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബിഎച്ച്എംസിറ്റി), സെപ്റ്റംബർ 2025 ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ 2025 ഒക്ടോബർ 06, 07 തീയതികളിൽ അതാത് കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

## ഇന്റർ കോളേജിയറ്റ് സ്പോർട്സ് ക്വിസ്

കേരള കായിക ദിനത്തിന്റെ ഭാഗമായി കേരളസർവകലാശാല കായികപഠന വകുപ്പ് സംഘടിപ്പിക്കുന്ന ഇന്റർ കോളേജിയറ്റ് സ്പോർട്സ് ക്വിസ് 2025 ഒക്ടോബർ 13 ന് രാവിലെ 10 മണിക്ക് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലെ കായിക പഠന വകുപ്പിൽ വച്ച് പ്രാഥമിക ക്വിസ് മത്സരം നടത്തുകയും അതിൽ വിജയിക്കുന്നവരെ യൂണിവേഴ്സിറ്റി സെനറ്റ് ചേംബറിൽ അന്നേ ദിവസം ഉച്ചയ്ക്ക് 2 മണിക്ക് നടക്കുന്ന ഫൈനൽ മത്സരത്തിൽ പങ്കെടുപ്പിക്കുകയും വിജയിക്കുന്ന മത്സരാർത്ഥികൾക്ക് സമ്മാനദാനം നൽകു ന്നതുമാണ്.

ഒരു കോളേജിൽ/യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റിൽ നിന്നും രണ്ടു പേരടങ്ങുന്ന ഒരു ടീമിന് മത്സരിക്കാൻ അർഹതയുണ്ട്. കേരളസർവകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകൾ. കേരളസർവകലാശാല പഠനവകുപ്പുകൾ. യു.ഐ.ടി., യു.ഐ.എം., കെ.യു.സി.ടി.ഇ. തുടങ്ങിയവയിലെ വിദ്യാർത്ഥികൾക്കാണ് മത്സരങ്ങളിൽ പങ്കെടുക്കാനുള്ള അവസരം നൽകുന്നത്.

പങ്കെടുക്കാൻ താല്പര്യമുള്ള മത്സരാർത്ഥികൾ കോളേജ് പ്രിൻസിപ്പൾ/യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റിലെ (കായിക വകുപ്പിലെ ചുമതലയുള്ള അധ്യാപകൻ), അതാത് വകുപ്പ് മേധാവിയുടെ കത്തുമായി 9.30 ന് തന്നെ കായിക പഠന വകുപ്പിലെ (യൂണിവേഴ്സിറ്റി സ്റ്റേഡിയം) രജിസ്ട്രേഷൻ കൗണ്ടറിൽ എത്തിച്ചേരേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

| |
|---|
| ***University information is available on*** **9188526670, 9188526671, 9188526674, 9188526675**<br>**Whats App No. 8547330240** |